KeralaKaumudi 30-09-18, P-03

■ വെള്ളമില്ലെന്ന് ജലസേചന വകുപ്പ്:

# കർഷക കണ്ണീർ നനവിൽ പാടങ്ങൾ

■ കൃഷി മന്ത്രിയിൽ പ്രതീക്ഷയുമായി കർഷകർ

ഇ.പി.രാജീവ്



> ജലസേചന വകുപ്പിന്റെ കത്ത് കിട്ടി. ആ വിവരം കർഷക സമിതികളെയും പഞ്ചായത്തിനെയും ഉന്നത ഉദ്യോഗസ്ഥരെയും അറിയിച്ചു. കഴിഞ്ഞ ദിവസം ആലുവയിൽ നടന്ന കൃഷി ഓഫീസർമാരുടെ യോഗത്തിൽ ഇക്കാര്യം കൃഷിമന്ത്രി വി.എസ് സുനിൽ കുമാറിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ട്. ഇരു വകുപ്പുകളുടെയും ഏകോപനത്തിലൂടെ പ്രശ്നം പരിഹരിക്കാമെന്ന് മന്ത്രി ഉറപ്പ് നൽകിയിട്ടുണ്ട്.
>
> ജെലീറ്റ, കുഴൂർ കൃഷി ഓഫീസർ

> വെള്ളം ലഭിക്കാൻ സാദ്ധ്യതയില്ലെന്ന മുന്നറിയിപ്പും കൃഷി വകുപ്പിന്റെ നിസഹായതയും നല്ലവിത്തിന് ക്ഷാമമുണ്ടെന്നതും ഈ വർഷത്തെ കൃഷി ഇല്ലാതാക്കുമെന്ന സൂചനയാണ് നൽകുന്നത്
>
> പി.കെ.സാബു
> (കർഷകൻ)

മാള: ആവശ്യമായ വെള്ളം എത്തിക്കാൻ കഴിയാത്തതിനാൽ കൃഷിയിറക്കരുതെന്നും ആവശ്യമെങ്കിൽ കർഷകർക്ക് സ്വന്തം ഉത്തരവാദിത്വത്തിൽ കൃഷിയിറക്കാമെന്നും കാട്ടി കൃഷിവകുപ്പിന് ജലസേചന വകുപ്പിന്റെ കത്ത്. ഇതോടെ പ്രളയത്തിൽ എല്ലാം നഷ്ടപ്പെട്ട കർഷകരുടെ അതിജീവന പ്രതീക്ഷകൾ അസ്ഥാനത്തായി. പ്രതിവിധി കണ്ടെത്തേണ്ട കൃഷിവകുപ്പാകട്ടെ നിസഹായത പ്രകടിപ്പിച്ചു. കുഴൂർ, അന്നമനട പഞ്ചായത്തുകളിലെ കൃഷി ഓഫീസർമാർക്കാണ് ചെറുകിട ജലസേചന വകുപ്പ് മാള അസിസ്റ്റന്റ് എൻജിനിയർ കത്ത് നൽകിയത്.

പ്രളയത്തിൽ പമ്പിംഗ് സ്റ്റേഷനുകളിൽ വെള്ളം കയറിയതോടെ മോട്ടോറും പാനൽ ബോർഡുകളും തകർന്നു. സെക്ഷൻ പിറ്റും, കനാലുകളും ലീഡിംഗ് ചാനലുകളും ചെളി കയറി നശിച്ചു. പല സ്ഥലത്തും കനാലുകൾ തകർന്നു. പൂർവസ്ഥിതിയിലെത്താൻ സമയമെടുക്കുമെന്നതിനാലാണ് ജലസേചനത്തിന് വഴിയില്ലെന്ന് കാട്ടി കത്ത് നൽകിയത്. കണക്കൻകടവിലെ തടയണ തകരാറിലായതിനാൽ ചാലക്കുടിപ്പുഴയിലെ വെള്ളം കെട്ടി നിറുത്താൻ പറ്റുന്നില്ല. ഇതും ജലസേചന പദ്ധതികളെ സാരമായി ബാധിക്കും. ജലക്ഷാമം മൂലം കൃഷിനാശം ഉണ്ടായാൽ പഴി ഒഴിവാക്കാനുള്ള മുൻകൂർ ജാമ്യമാണിതെന്നും ആക്ഷേപമുണ്ട്. ചാലക്കുടിപ്പുഴയെ ആശ്രയിച്ച് നിരവധി ജലസേചന പദ്ധതികളാണ് നിലവിലുള്ളത്.

### ■ ഇനിയെന്തു ചെയ്യും

പ്രളയത്തിൽ എല്ലാം നശിച്ച കർഷകരാണ് വീണ്ടും കൃഷിയിറക്കിയത്. വരൾച്ചയുടെ ലക്ഷണം കണ്ടതോടെ തോട്ടുകളിൽ താത്കാലിക തടയണ നിർമ്മിച്ച് ഉണ്ടായിരുന്ന വെള്ളം ഇവർ കൃഷിയിടത്തിലേക്ക് കയറ്റിവിട്ടു. ഈമാസം 24 മുതൽ കനത്ത മഴ പെയ്യുമെന്ന പ്രവചനവും പാഴായി. കർഷകരുടെ പ്രതീക്ഷ ജലസേചന പദ്ധതികളിലായിരുന്നു. ഇതും പാളിയതോടെ പ്രശ്നം പരിഹരിക്കാൻ കൃഷി മന്ത്രി ഇടപെടുമെന്ന പ്രതീക്ഷയിലാണ് കർഷകർ.